2024 AUGUST
19
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## ഇന്ന് സൂപ്പർമൂൺ,ബ്ലൂമൂൺ പ്രതിഭാസം ദൃശ്യമാകും

**ന്യൂഡൽഹി:** ഇന്ന് ആകാശത്ത് 'ചാന്ദ്രവിസ്മയം'. സൂപ്പർമൂൺ, ബ്ലൂ മൂൺ പ്രതിഭാസം ഇന്ന് ആകാശത്തു കാണാം. ഭൂമിയുടെ ഭ്രമണപഥത്തോട് ചന്ദ്രൻ കൂടുതൽ! അടുത്തു നിൽക്കുന്ന സമയത്തെ പൂർണ ചന്ദ്രനെയാണ് സൂപ്പർമൂൺ എന്ന് വിളിക്കുന്നത്. നാലു പൂർണചന്ദ്രൻമാരുള്ള ഒരു കാലയളവിലെ മൂന്നാമത്തെ പൂർണചന്ദ്രനാണ് ബ്ലൂ മൂൺ എന്നറിയപ്പെടുന്നത്. സീസണിലെ മൂന്നാമത്തെ പൂർണ ചന്ദ്രനാണിത്. രണ്ടു കാര്യങ്ങളും ഒരുമിച്ച് വരുന്നതിനാലാണ് സൂപ്പർമൂൺ,ബ്ലൂമൂൺ പ്രതിഭാസമെന്ന് വിളിക്കുന്നത്. ഇന്ന് രാത്രി മുതൽ 3 ദിവസത്തേക്ക് ഈ പ്രതിഭാസം തെളിഞ്ഞ അന്തരീക്ഷത്തിൽ കാണാനാകും.

വർഷത്തിൽ മൂന്നോ നാലോ തവണ സൂപ്പർമൂൺ പ്രതിഭാസം ഉണ്ടാകാറുണ്ടെന്ന് നാസ പറയുന്നു. 1979ലാണ് സൂപ്പർമൂണെന്ന വിളിപ്പേരു ലഭിച്ചത്. അടുത്ത മൂന്നു പൂർണചന്ദ്രൻമാരും സൂപ്പർമൂണായിരിക്കും. അടുത്ത സൂപ്പർമൂണിനെ കാണാനാകുന്നത് സെപ്റ്റംബർ 17, ഒക്ടോബർ 17, നവംബർ 15 തീയതികളിലായിരിക്കും. രണ്ടു തരത്തിലുള്ള ബ്ലൂ മൂണുകളുണ്ട്. നിശ്ചിത കാലയളവിൽ ദൃശ്യമാകുന്നതും മാസത്തിൽ ദൃശ്യമാകുന്നതും. ഇപ്പോഴത്തേത് സീസണലാണ്. ഒരു സീസണിൽ നാലു പൂർണചന്ദ്രൻമാരെ കാണാനാകും. അതിൽ മൂന്നാമത്തെതാണ് സീസണൽ ബ്ലൂ മൂൺ.

2027ലാണ് അടുത്ത സീസണൽ ബ്ലൂ മൂൺ ദൃശ്യമാകുകയെന്ന് നാസ പറയുന്നു. ഒരു മാസത്തിലെ രണ്ടാമത്തെ പൂർണചന്ദ്രനെയാണ് മാസത്തിലെ ബ്ലൂ മൂണെന്ന് വിളിക്കുന്നത്. ബ്ലൂ മൂണിന് നീല നിറവുമായി വലിയ ബന്ധമില്ല. അപൂർവ സന്ദർഭങ്ങളിൽ ചന്ദ്രൻ നീലനിറത്തിൽ കാണപ്പെട്ടിട്ടുണ്ട്. ഇന്നത്തെ സൂപ്പർ ബ്ലൂ മൂൺ നീലയായിരിക്കില്ല. വായുവിലെ ചെറിയ കണങ്ങൾക്കൊപ്പം പുകയും പൊടിയും പ്രകാശത്തിന്റെ ചുവന്ന തരംഗങ്ങളും ചേരുമ്പോഴാണ് ചന്ദ്രനെ നീലനിറമായി കാണുന്നത്. സൂപ്പർ മൂണും സീസണൽ ബ്ലൂ മൂണും സാധാരണമാണെങ്കിലും രണ്ടു പ്രതിഭാസവും ചേർന്നു വരുന്നത് അപൂർവമായാണ്. 10 മുതൽ 20 വർഷത്തിനിടയിലാണ് ഈ പ്രതിഭാസം സംഭവിക്കുന്നത് 2037 ജനുവരിയിലായാരിക്കും അടുത്ത സൂപ്പർ മൂൺ ബ്ലൂ മൂൺ.

## വൻ വൈദ്യുതി പ്രതിസന്ധി
# സഹായം ലഭിച്ചില്ലെങ്കിൽ 3 വർഷം പവർകട്ടെന്ന് കെഎസ്ഇബി മുന്നറിയിപ്പ്

**തിരുവനന്തപുരം:** വൈദ്യുതി വാങ്ങാൻ സർക്കാരിന്റെ അടിയന്തര സാമ്പത്തികസഹായം ലഭിച്ചില്ലെങ്കിൽ അടുത്ത 3 വർഷം പവർകട്ടും രാത്രി ലോഡ്ഷെഡിങ്ങും ഏർപ്പെടുത്തേണ്ടിവരുമെന്ന് കെഎസ്ഇബി. ഇല്ലെങ്കിൽ വൈദ്യതി ചാർജ് കൂട്ടേണ്ടി വരുമെന്നും കെഎസ്ഇബി. വൈകിട്ട് 6 നും രാത്രി 11നും ഇടയിലെ വൈദ്യുതി ഉപയോഗം വർധിക്കുന്നതിനാൽ ആഭ്യന്തര ഉൽപാദനത്തിനും നിലവിലെ കരാറുകൾക്കും പുറമേ, കൂടിയ നിരക്കിലാണു വൈദ്യുതി വാങ്ങുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 12,938 കോടി രൂപയാണു വൈദ്യുതി വാങ്ങാൻ ചെലവഴിച്ചത്. ഇക്കൊല്ലം 14,500,15,000 കോടി വേണ്ടിവരുമെന്നാണു കണക്കുകൂട്ടൽ.



സർക്കാർ സഹായിച്ചില്ലെങ്കിൽ വായ്പയെടുക്കുകയാണു മറ്റുവഴി. ഇതോടെ, നിരക്കുവർധന ഉൾപ്പെടെയുള്ള ഭാരം ജനങ്ങൾക്കുമേൽ വരും. സർക്കാർ സഹായം ലഭിച്ചില്ലെങ്കിൽ ലോഡ്ഷെഡിങ് ഏർപ്പെടുത്തേണ്ടിവരുമെന്ന് പെൻഷനേഴ്സ് കൂട്ടായ്മയുടെ സമ്മേളനത്തിൽ കെഎസ്ഇബി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ബിജു പ്രഭാകർ തുറന്നുപറഞ്ഞതു പ്രതിസന്ധിയുടെ രൂക്ഷത വ്യക്തമാക്കുന്നു. ഉത്തരേന്ത്യൻ നിലയങ്ങളിൽനിന്നുള്ള വൈദ്യുതിലഭ്യത കുറഞ്ഞതിനെത്തുടർന്ന് കഴിഞ്ഞയാഴ്ച ഒന്നിലധികം ദിവസം ലോഡ്ഷെഡിങ് വേണ്ടിവന്നു.

സോളർ എനർജി കോർപറേഷൻ ഓഫ് ഇന്ത്യയിൽ (സെകി) നിന്ന് അടുത്ത വർഷം മുതൽ യൂണിറ്റിന് 3.49 രൂപ നിരക്കിൽ രാത്രിയിലെ ഉപയോഗത്തിനുൾപ്പെടെ 500 മെഗാവാട്ട് വൈദ്യുതി ലഭിക്കുമെന്നതു പ്രതീക്ഷ നൽകുന്നു. എന്നാൽ, വിതരണ ലൈനിൽ തിരക്കുള്ള രാത്രി സമയങ്ങളിൽ ഈ വൈദ്യുതി എത്രമാത്രം ലഭിക്കുമെന്ന് ഉറപ്പില്ല. കരാറിന് റഗുലേറ്ററി കമ്മിഷന്റെയും സർക്കാരിന്റെയും അനുമതി ലഭിച്ചാൽ 18 മാസത്തിനു ശേഷം വൈദ്യുതി ലഭിച്ചു തുടങ്ങും.

# മുകേഷ് അംബാനി ഈ വർഷവും ശമ്പളം വാങ്ങില്ല

**മുംബൈ:** 2024 സാമ്പത്തിക വർഷത്തിലെ തൻറെ ശമ്പളം പൂർണമായി ഒഴിവാക്കാൻ റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയുടെ തീരുമാനം. കൊവിഡ്19 വ്യാപകമായ 2020ലാണ് അദ്ദേഹം ആദ്യമായി ഇങ്ങനെയൊരു തീരുമാനമെടുത്തത്. പിന്നീട് ഓരോ വർഷവും ഇതു തുടർന്നുപോരുകയായിരുന്നു.

അതേസമയം, അംബാനി ശമ്പളം വാങ്ങുന്നില്ലെങ്കിലും ഈ സാമ്പത്തിക വർഷത്തിൽ റിലയൻസിലെ മറ്റു മുതിർന്ന എക്സിക്യൂട്ടീവുകളുടെയെല്ലാം ശമ്പളം വർധിപ്പിച്ചിട്ടുണ്ട്. അംബാനിയുടെ ബന്ധുക്കളായ നിഖിൽ മേസ്വാനി, ഹിതാൽ മേസ്വാനി, എക്സിക്യൂട്ടിവ് ഡയറക്റ്റർ പി.എം. എസ്. പ്രസാദ് എന്നിവരുടെയെല്ലാം ശമ്പളം വർധിപ്പിച്ചിട്ടുണ്ട്. മേസ്വാനിമാർക്ക് 25 കോടി രൂപ വീതമാണ് വാർഷിക ശമ്പളം. ഇതിൽ 17 കോടി രൂപ കമ്മീഷനാണ്. പ്രസാദിൻറെ പുതിയ ശമ്പളവും 17 കോടി രൂപ. അംബാനിയുടെ ഭാര്യയും മുൻ നോൺ എക്സിക്യൂട്ടീവ് ഡയറക്റ്ററുമായ നിത അംബാനിക്ക് സിറ്റിങ് ഫീസായി രണ്ടു ലക്ഷം രൂപയും വാർഷിക കമ്മിഷനായി 97 ലക്ഷം രൂപയുമാണ് നൽകിയിരുന്നത്.

# പ്രത്യേക നിക്ഷേപ പദ്ധതികൾ പ്രഖ്യാപിച്ച് ബാങ്കുകൾ

**കൊച്ചി**: പ്രത്യേക കാലയളവുകളിൽ കൂടുതൽ പലിശയുമായി ഓഗസ്റ്റിലും ബാങ്കുകൾ നിക്ഷേപ പദ്ധതികൾ അവതരിപ്പിച്ചു. ആർബിഎൽ ബാങ്ക്, ഫെഡറൽ ബാങ്ക്, ഐഡിബിഐ ബാങ്ക് എന്നിവയാണ് പ്രത്യേക കാലയളവിലെ നിക്ഷേപ പദ്ധതി ഈയിടെ പ്രഖ്യാപിച്ചത്.

**ആർബിഎൽ ബാങ്ക്**

വിജയ് ഫിക്സ്ഡ് ഡെപ്പോസിറ്റ്എന്ന പേരിലാണ് ആർബിഎൽ ബാങ്ക് പ്രത്യേക നിക്ഷേപ പദ്ധതി അവതരിപ്പിച്ചത്. രാജ്യത്തെ ധീര സൈനികരെ അനുസ്മരിച്ചുകൊണ്ടാണ് പുതിയ പദ്ധതി അവതരിപ്പിച്ചതെന്ന് ബാങ്ക് അറിയിച്ചു. വിജയ് ഫിക്സ്ഡ് ഡെപ്പോസിറ്റ് പ്രകാരം 500 ദിവസത്തെ കാലയളവിലാണ് നിക്ഷേപം സ്വീകരിക്കുക.പദ്ധതി പ്രകാരം സാധാരണക്കാർക്ക് 8.10 ശതമാനം പലിശയാണ് ലഭിക്കുക. മുതിർന്ന പൗരന്മാർക്ക് 8.60 ശതമാനവും സൂപ്പർ സീനിയേഴ്സിന് 8.85 ശതമാനവും പലിശ ലഭിക്കും. മൂന്നു കോടി രൂപയിൽ താഴെയുള്ള നിക്ഷേപങ്ങൾക്കാണ് ബാധകം.

**ഫെഡറൽ ബാങ്ക്**

സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ചാണ് ഫെഡറൽ ബാങ്ക് സ്ഥിര നിക്ഷേപ പദ്ധതികൾ അവതരിപ്പിച്ചത്. അതുപ്രകാരം 400 ദിവസത്തെ നിക്ഷേപത്തിന് സാധാരണക്കാർക്ക് 7.35 ശതമാനവും മുതിർന്നവർക്ക് 7.85 ശതമാനവും പലിശ ലഭിക്കും. 777 ദിവസത്തെ നിക്ഷേപത്തിന് യഥാക്രമം 7.40 ശതമാനവും 7.90 ശതമാനവുമാണ് പലിശ. 50 മാസത്തെ എഫ്ഡിക്കും സമാനമായ പലിശ ലഭിക്കും.ഒരു കോടി രൂപയ്ക്ക് മുകളിലുള്ള 400 ദിവസ കാലയളവിലെ നിക്ഷേപത്തിന് സാധാരണക്കാർക്ക് 7.50 ശതമാനം പലിശയാണ് ബാങ്ക് വാഗ്ദാനം ചെയ്യുന്നത്. മുതിർന്നവർക്ക് എട്ട് ശതമാനം പലിശ ലഭിക്കും. 777 ദിവസത്തെ നിക്ഷേപത്തിന് യഥാക്രമം 7.55 ശതമാനവും 8.05 ശതമാനവും പലിശ വാഗ്ദാനം ചെയ്യുന്നുണ്ട്. 50 മാസത്തെ നിക്ഷേപത്തിനും സമാനമായ പലിശ ലഭിക്കും. പരിമിതമായ കാലത്തേക്കായിരിക്കും ഉയർന്ന പലിശയെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

**ഐഡിബിഐ ബാങ്ക്**

ഉത്സവ് എന്ന പേരിൽ 300 ദിവസത്തെ പ്രത്യേക നിക്ഷേപ പദ്ധതിയാണ് ഐഡിബിഐ ബാങ്ക് പ്രഖ്യാപിച്ചത്. സാധാരണക്കാർക്ക് 7.05 ശതമാനവും മുതിർന്നവർക്ക് 7.55 ശതമാനവും പലിശ ലഭിക്കും. 700 ദിവസത്തെ നിക്ഷേപത്തിന് യഥാക്രമം 7.20 ശതമാനവും 7.70 ശതമാനവുമാണ് പലിശ.

375 ദിവസത്തെ ഉത്സവ് നിക്ഷേപ പദ്ധതിയുടെ പലിശ 7.15 ശതമാനത്തിൽനിന്ന് 7.25 ശതമാനമായും ഉയർത്തിയിട്ടുണ്ട്.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated MBA MCA (5 years)
Qualification: Plus Two
OTHER COURSES:
B.Sc. Food Technology
B.Sc. Microbiology
B.Sc. Cyber Forensic
B.Sc. Apparel and Fashion Technology
B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY







കൽക്കട്ട ആർജി കർ മെഡിക്കൽ കോളജിലെ യുവ വനിതാ ഡോക്ടർ അതിക്രൂരമായി കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ച് രാജ്യവ്യാപകമായി നടന്നുവരുന്ന ഡോക്ടർമാരുടെ സമരത്തിന്റെ ഭാഗമായി കൊച്ചി ഐ.എം.എ ഹൗസിൽ നിന്നും കലൂർ സ്റ്റേഡിയത്തിലേയ്ക്ക് നടത്തിയ പന്തം കൊളുത്തി പ്രകടനം

# ഡോക്ടർമാരുടെ പണിമുടക്ക് ജില്ലയിൽ സമ്പൂർണ്ണം

**കൊച്ചി:** കൽക്കട്ട ആർജി കർ മെഡിക്കൽ കോളജിലെ യുവ വനിതാ ഡോക്ടർ അതിക്രൂരമായി കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ച് രാജ്യവ്യാപകമായി ഡോക്ടർമാർ പണിമുടക്കി. എറണാകുളം ജില്ലയിലെ പണിമുടക്ക് സമ്പൂർണ്ണമായിരുന്നുവെന്ന് ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ ഭാരവാഹികൾ പറഞ്ഞു.

ആശുപത്രികളിലെ അത്യാഹിത വിഭാഗത്തെ ബാധിക്കാത്ത വിധത്തിലായിരിന്നു ഡോക്ടർമാരുടെ പണിമുടക്ക്. 24 മണിക്കൂർ നീണ്ടുനിൽക്കുന്ന പണിമുടക്ക് ഇന്നലെ രാവിലെ ആറിനാണ് ആരംഭിച്ചത്. പണിമുടക്കിന്റെ ഭാഗമായി നൂറ് കണക്കിന് ഡോക്ടർമാരുടെ നേതൃത്വത്തിൽ ഇന്നലെ വൈകിട്ട് ഏഴിന് കലൂർ ഐ.എം.എ ഹൗസിന് മുന്നിൽ നിന്നും കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിലേയ്ക്ക് നടത്തിയ പന്തം കൊളുത്തി പ്രകടനം കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. പി.കെ.സുനിൽ ഉദ്ഘാടനം ചെയ്തു.

ആശുപത്രികളും ആരോഗ്യപ്രവർത്തകരും ആക്രമിക്കപ്പെടുന്ന സംഭവം ദിനംന്തോറും വർധിച്ചു വരുകയാണ്. ഇത് തടയാൻ ശക്തമായ കേന്ദ്രനിയമം അനിവാര്യമാണ്. നിലവിൽ നടപ്പിലാക്കിയിരിക്കന്ന ഭാരതീയ ന്യായ സംഹിത (ബിഎൻഎസ്)യിലെ വകുപ്പുകൾ ആരോഗ്യമേഖലയ്ക്ക് സംരക്ഷണം നൽകുന്നില്ലെന്ന് ഡോക്ടർമാർ കുറ്റപ്പെടുത്തി. ആശുപത്രികൾക്കും ആരോഗ്യ പ്രവർത്തകർക്കും മതിയായ സുരക്ഷ ഉറപ്പാക്കൻ കേന്ദ്രസംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്ന് മെഡിക്കൽ സംഘടനകൾ ആവശ്യപ്പെട്ടു. ഐഎംഎയുടെ എറണാകുളം ജില്ലയിലെ മുഴുവൻ ശാഖകളും പണിമുടക്ക് സമരത്തിൽ പങ്കെടുത്തു. മെഡിക്കൽ രംഗത്തെ മറ്റ് സംഘടനകളായ കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ (കെ.ജി.എം.ഒ.എ), ഇൻഡ്യൻ ഡന്റൽ അസ്സോസിയേഷൻ (ഐ.ഡി.എ), മെഡിക്കൽ സ്റ്റുഡന്റ് നെറ്റ് വർക്ക് (എം.എസ്.എൻ), കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസ്സോസിയേഷൻ (കെ.ജി.എം.സി.ടി.എ), കേരള ഗവൺമെന്റ് ഇൻഷുറൻസ് ഓഫീസേഴ്സ് അസ്സോസിയേഷൻ (കെ.ജി.ഐ.ഒ.എ) കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസ്സോസിയേഷൻ (കെ.പി.എച്ച്.എ) ഹെൽത്ത് ഇൻസ്പെക്ടേഴ്‌ അസ്സോസിയേഷൻ, കേരള ഡെന്റൽ കൗൺസിൽ ഓഫീസേഴ്സ് അസ്സോസിയേഷൻ, വിവിധ നേഴ്സിംഗ് സംഘടനകൾ, വിവിധ സന്നദ്ധ സംഘടനകൾ എന്നിവരും സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പന്തംകൊളുത്തി പ്രകടനത്തിൽ പങ്കെടുത്തു.




## വൈഎംസിഎ സ്വാതന്ത്ര്യദിനം ആഘോഷിച്ചു

**ആലുവ** :ആലുവ വൈഎംസിഎയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിന ആഘോഷവും വിവിധ മത്സരങ്ങളിലെ ഇരുന്നോറോളം വിജയികൾക്കുള്ള സമ്മാനദാനവും നടന്നു. ആലുവ വൈഎംസിഎ ക്യാമ്പ് സെന്ററിൽ വച്ച് നടന്ന ചടങ്ങിൽ മുഖ്യാതിഥി അഡ്വക്കേറ്റ് ജെബി മേത്തർ എം.പി മുഖ്യ സന്ദേശം നൽകുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

മത്സരങ്ങളിൽ ഹൈസ്കൂൾ വിഭാഗത്തിൽ ശോശാമ്മ കോശി മെമ്മോറിയൽ ചാമ്പ്യൻഷിപ്പ് ട്രോഫി ആലുവ ക്രൈസ്തവ മഹിളാലയം പബ്ലിക് സ്കൂളും റീറ്റ മെമ്മോറിയൽ റണ്ണേഴ്സ് അപ്പ് ട്രോഫി പറവൂർ ലിറ്റിൽ ഹാർട്സ് സ്കൂളും കരസ്ഥമാക്കി. ഹയർസെക്കൻഡറി വിഭാഗത്തിൽ വൈ. എബ്രഹാം മെമ്മോറിയൽ ചാമ്പ്യൻഷിപ്പ് ട്രോഫി കളമശ്ശേരി സെൻറ് ജോസഫ് ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്കൂളും, ഇ എസ് മാനുവൽ റണ്ണേഴ്സ് അപ്പ് ട്രോഫി ആലുവ വിദ്യാധിരാജ വിദ്യാഭവൻ ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂളും കരസ്ഥമാക്കി.

ചടങ്ങിൽ പ്രസിഡൻറ് സാം ഇമ്മാനുവൽ അധ്യക്ഷം വഹിച്ചു.സെക്രട്ടറി ലെസ്‌ലി ജോസഫ് സ്വാഗതവും പി കെ ബേബി നന്ദിയും രേഖപ്പെടുത്തി.അർജുന നാച്ചുറൽസ് ചെയർമാൻ ചെയർമാനും മാനേജിങ് ഡയറക്ടറുമായശ്രീ പി .ജെ കുഞ്ഞച്ചൻ വിശിഷ്ടാതിഥിയായി പങ്കെടുത്തു.

## സ്വാതന്ത്ര്യ ദിനാഘോഷം: ബാങ്ക് ഓഫ് ബറോഡ 75 ലീഡ് ജില്ലകളിൽ എക്സിബിഷൻ നടത്തി

**കൊച്ചി:** സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി ബാങ്ക് ഓഫ് ബറോഡ രാജ്യവ്യാപകമായി 75 ലീഡ് ജില്ലകളിൽ പാർട്ടീഷൻ ഹോറേഴ്സ് റിമമ്പറൻസ് ഡേ എക്സിബിഷനുകൾ നടത്തി. വിഭജനമുണ്ടായ കാലത്ത് ദശലക്ഷണക്കിന് ആളുകൾ അനുഭവിച്ച കഷ്ടപ്പാടുകളിലേക്കും വേദനകളിലേക്കും വെളിച്ചം വീശുകയെന്ന ലക്ഷ്യത്തോടെയാണ് എക്സിബിഷൻ നടത്തിയത്.



ഓഫീസുകളിലും വീടുകളിലുമായ നടത്തിയ ഹർ ഘർ തിരംഗ പ്രചരണത്തിലും പങ്കെടുത്ത ബാങ്ക് ജീവനക്കാർ ലഹരി വിമുക്ത ഭാരതത്തിനായുള്ള നശ മുക്ത ഭാരത് അഭിയാൻ പ്രതിജ്ഞയും ഏറ്റുചൊല്ലി. മുബൈ കോർപ്പറേറ്റ് ഓഫീസിൽ ബാങ്ക് ഓഫ് ബറോഡ മാനേജിങ് ഡയറക്ടറും സിഇഒയുമായ ദേബദത്ത ചന്ദ് ദേശീയ പതാക ഉയർത്തി.

രാജ്യം 78ാം സ്വാതന്ത്ര്യ ദിനം ആഘോഷിക്കുമ്പോൾ അതിനായി ദുരിതമനുഭവിച്ചവരെ സ്മരിക്കേണ്ടത് പ്രധാനപ്പെട്ടതാണെന്ന് ബാങ്ക് ഓഫ് ബറോഡ മാനേജിങ് ഡയറക്ടറും സിഇഒയുമായ ദേബദത്ത ചന്ദ് പറഞ്ഞു. ഇന്ത്യൻ സമ്പദ്ഘടനയുടെ പ്രതീക്ഷകൾ നിറവേറ്റുന്നതിൽ ബാങ്ക് ഓഫ് ബറോഡ സുപ്രധാന പങ്കാണു വഹിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## റോയൽ ഡ്രൈവിന് ഓഥറൈസേഷൻ സർട്ടിഫിക്കറ്റ്



**കൊച്ചി:**പ്രീഓൺഡ് പ്രീമിയം, ലക്ഷ്വറി, എക്സോട്ടിക് ബ്രാൻഡ് ഓട്ടോമൊബൈൽ ഡീലറായ റോ യൽ ഡ്രൈവ്, കേരളത്തിൽ പ്രീഓൺഡ് വാഹ ന ഡീലർഷിപ്പിനുള്ള ആദ്യത്തെ ഓഥറൈസേ ഷൻ സർട്ടിഫിക്കറ്റ് നേടി. മന്ത്രി കെ.ബി. ഗണേഷ് കുമാർ റോയൽ ഡ്രൈവ് മാനേജിംഗ് ഡയറക്ടറും ചെയർമാനുമായ മുജീബ് റഹ്മാന് സർട്ടി ഫിക്കേഷൻ സമ്മാനിച്ചു. യൂസ്ഡ് വാഹനങ്ങൾ വാങ്ങുന്നതിലും വിൽക്കുന്നതിലും സുതാര്യതയും വിശ്വാസ്യതയും ഉറപ്പാക്കിക്കൊണ്ടുള്ള ഈ നേട്ടം കമ്പനിയുടെ പ്രയാണത്തിൽ നാഴികക്കല്ലാണെന്ന് മുജീബ് റഹ്മാൻ പറഞ്ഞു.

## ടിവിഎസ് ഐക്യൂബ് വേരിയന്റുകളുടെ സെലിബ്രേഷൻ എഡിഷൻ പുറത്തിറക്കി

**കൊച്ചി:** പ്രമുഖ ആഗോള വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി, ഇന്ത്യയുടെ 78ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഐക്യൂബ് വേരിയന്റുകളുടെ ലിമിറ്റഡ് സെലിബ്രേഷൻ എഡിഷൻ അവതരിപ്പിച്ചു. സ്വാതന്ത്ര്യദിന തലേന്നായിരുന്നു പ്രഖ്യാപനം. ടിവിഎസ് ഐക്യൂബ് 3.4 കെഡബ്ല്യുഎച്ച്, ടിവിഎസ് ഐക്യൂബ് എസ് വേരിയന്റുകളുടെ ആയിരം യൂണിറ്റുകൾ മാത്രമാണ് സെലിബ്രേഷൻ എഡിഷനായി കമ്പനി പുറത്തിറക്കിയിരിക്കുന്നത്. പ്രത്യേക ഡ്യുവൽടോൺ കളർ സ്കീമും, പ്രത്യേക സെലിബ്രേഷൻ എഡിഷൻ ഗ്രാഫിക്സുമായാണ് സെലിബ്രേഷൻ എഡിഷൻ വരുന്നത്.സ്റ്റാൻഡേർഡ് മോഡലുകളുടെ അതേ വിലയിൽ ഉപഭോക്താക്കൾക്ക് ഐക്യൂബ് വേരിയന്റുകളുടെ സെലിബ്രേഷൻ എഡിഷൻ വാങ്ങാം. ടിവിഎസ് ഐക്യൂബ് 3.4 കെഡബ്ല്യുഎച്ച് സെലിബ്രേഷൻ എഡിഷന് 1,19,628 രൂപയും, ടിവിഎസ് ഐക്യൂബ് എസ് സെലിബ്രേഷൻ എഡിഷന് 1,29,420 രൂപയുമാണ് ഡൽഹി എക്സ്ഷോറൂം വില. സെലിബ്രേഷൻ എഡിഷൻ വേരിയന്റുകളുടെ ബുക്കിങ് ആരംഭിച്ചു. 2024 ഓഗസ്റ്റ് 26 മുതൽ ഡെലിവറി ആരംഭിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

### ഇന്ത്യയിലെ ആദ്യത്തെ എഐ ഫാഷൻ ബ്രാൻഡ് അംബാസഡറിനെ അവതരിപ്പിച്ച് ശീമാട്ടി

# ശീമാട്ടിയുടെ പുതിയ മുഖമായി ഇനി ഇഷ രവി; ചരിത്ര പ്രഖ്യാപനവുമായി ബീനാ കണ്ണൻ



**കൊച്ചി:** ആർട്ടിഫിഷൽ ഇന്റലിജെൻസ് (എഐ) ഉപയോഗിച്ച് ഇന്ത്യയിലെ ആദ്യത്തെ ഫാഷൻ ബ്രാൻഡ് അംബാസിഡറിനെ നിർമിച്ച് കേരളത്തിലെ പ്രമുഖ വസ്ത്ര വ്യാപാര സ്ഥാപനമായ ശീമാട്ടി. ഇഷ രവിയെന്ന എഐ ഫാഷൻ മോഡൽ ഇനി ഇന്ത്യൻ ഫാഷൻ ലോകത്ത് ശീമാട്ടിയുടെ ഔദ്യോഗിക മുഖമാവും. ചെറുപ്പം മുതലേ നിറങ്ങളോടും യാത്രകളോടും അതിയായ താല്പര്യമുള്ള, ഫാഷനെ എപ്പോഴും കൂടെ കൂട്ടിയിട്ടുള്ള, സ്വയം പര്യാപ്തതയുള്ള പെൺകുട്ടിയായാണ് ഇഷയെ അവതരിപ്പിച്ചിരിക്കുന്നത്. ഇഷ ഇനി ശീമാട്ടിയുടെ മുഖമാവുമെന്നും ഈ പുത്തൻ ചുവടുവയ്പ്പ് ഫാഷൻ ഇൻഡസ്ട്രിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പുരോഗതിയെയും പുത്തൻ സാധ്യതകളെയും അടയാളപ്പെടുത്തുമെന്നും ശനിയാഴ്ച കൊച്ചിയിൽ വച്ച് നടന്ന ചടങ്ങിൽ ശീമാട്ടി സിഇഒയും ലീഡ് ഡിസൈനറുമായ ബീനാ കണ്ണൻ പറഞ്ഞു.

ഇന്ത്യയിൽത്തന്നെ ആദ്യമായാണ് ഒരു ഫാഷൻ ബ്രാൻഡ് സാങ്കേതികവിദ്യയേയും ഫാഷനെയും വേറിട്ട രീതിയിൽ ബന്ധിപ്പിക്കുന്നത്. ഒരു ഫാഷൻ ബ്രാൻഡിന് അക ബ്രാൻഡ് അംബാസഡറിന്റെ സാദ്ധ്യതകൾ എത്രത്തോളമായിരിക്കും എന്നത് ലോകത്തെ കാണിക്കുക എന്ന ഉദ്ദേശ്യവും കൂടി ശീമാട്ടിക്കുണ്ട്. എഐ ഉപയോഗിച്ച് ഏറ്റവും പുതിയ ഷോപ്പിംഗ് അനുഭവം കാഴ്ചവെയ്ക്കാനും നൂതന സാങ്കേതിക വിദ്യയിലൂടെ ബ്രാൻറിനെ അവതരിപ്പിക്കാനും ശീമാട്ടി തയ്യാറായിക്കഴിഞ്ഞു. എഐ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് ശീമാട്ടി മുന്നോട്ടുവയ്ക്കാനൊരുങ്ങുന്ന പുത്തൻ വിശേഷങ്ങൾ വഴിയേ ഉപഭോക്താക്കളെ അറിയിക്കുമെന്നും സഓണക്കാലത്തിന് മാറ്റ് കൂട്ടാനായി ഒരു മാസം നീണ്ടു നിൽക്കുന്ന ഫെസ്റ്റിവൽ ഓഫ് സെലിബ്രേഷൻ ഓഫറുകളാണ് ശീമാട്ടി ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുള്ളത്. ആഗസ്റ്റ് 17 മുതൽ സെപ്റ്റംബർ 22 വരെ കൊച്ചി, കോഴിക്കോട്, കോട്ടയം ഷോറൂമുകളിലാണ് ഓഫറുകൾ. കോട്ടൺ, ടസർ, ആർട്ട്, ഫാൻസി എന്നീ സാരികൾക്ക് 90% വരെ ഡിസ്കൗണ്ടാണ് ലഭിക്കുന്നത്. കേരളസാരികൾക്കും സെറ്റും മുണ്ടിനും 20% വരെ ഡിസ്കൌണ്ടും, വുമൺസ് വിയറിനും കിഡ്സ് വിയറിനും 60% വരെ ഡിസ്കൗണ്ടും ലഭിക്കും. എല്ലാ വിഭാഗങ്ങളിലുമുള്ള തുണിത്തരങ്ങൾക്കും 10% മിനിമം ഡിസ്കൗണ്ട് ലഭ്യമാണ്.

ശീമാട്ടി യങ്ങിന്റെ മറ്റൊരു ഷോറൂം ഈ നവംബറിൽ പാലായിൽ പ്രവർത്തനം ആരംഭിക്കുമെന്നും അടുത്ത ഓണത്തിനുള്ളിൽ യങ്ങിന്റെ പത്ത് സ്റ്റോറുകൾ കൂടി കേരളത്തിലെ വിവിധ ഭാഗങ്ങളിലായി പ്രവർത്തനം ആരംഭിക്കുമെന്നും ബീനാ കണ്ണൻ പറഞ്ഞു. ഇതുവരെ വുമൺസ് സെലിബ്രേഷൻ വിയർ മാത്രമായിരുന്ന കോഴിക്കോട് ശീമാട്ടി ക്രാഫ്ട്റ്റഡിന്റെ മൂന്നാം നിലയിലായി മെൻസ് & കിഡ്സ് സെലിബ്രറ്റി കളക്ഷനു മാത്രമായി ഒരു വിഭാഗം കൂടി പുതുതായി ആരംഭിക്കുന്നുണ്ട്. ഒരു കുടുംബത്തിന് വിവാഹത്തിനും മറ്റ് ആഘോഷങ്ങൾക്കും ആവശ്യമായ എല്ലാത്തരം സെലിബ്രിറ്റി വസ്ത്രങ്ങളും ലഭിക്കുന്ന, മലബാറിലെ ഏറ്റവും വലിയ ഫാമിലി സെലിബ്രേഷന്സ് ഷോറൂമായാണ് കോഴിക്കോടുള്ള ശീമാട്ടി ക്രാഫ്ട്റ്റഡ് ഒരുങ്ങുന്നത്. അതുപോലെതന്നെ ടൈർ 2 ടൈർ 3 സിറ്റികളിൽ സാരികൾക്ക് മാത്രമായൊരു സ്റ്റോർ എന്ന ലക്ഷ്യത്തോടെ ശീമാട്ടി തുടങ്ങുന്ന പുതിയ ബ്രാൻഡ് ആണ് 'ദി ഗ്രേറ്റ് ഇന്ത്യൻ സാരീസ്'. ഗ്രേറ്റ് ഇന്ത്യൻ സാരീസിന്റെ ആദ്യ സ്റ്റോർ ഈ ഓണത്തിന് മുൻപ് എടപ്പാളിൽ ആരംഭിക്കും. കേരളത്തിൽ എല്ലായിടത്തും ഗ്രേറ്റ് ഇന്ത്യൻ സാരീസിന്റെ കൂടുതൽ സ്റ്റോറുകൾ വരും വർഷത്തിൽ തുറക്കും.



ആലുവ സെന്റ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂൾ എൻ.എസ്.എസ്, സ്കൗട്ട് റെയ്ഞ്ചേഴ്സും സംയുക്തമായി സംഘടിപ്പിച്ച രക്തദാന ക്യാമ്പ് ആലുവ മുനിസിപ്പൽ കൗൺസിലർ കെ. ജയകുമാർ ഉദ്ഘാടനം ചെയ്യുന്നു

## സെന്റ് ഫ്രാൻസിസ് സ്കൂളിൽ രക്തദാന ക്യാമ്പ്

**ആലുവ:** ആലുവ ബ്ളഡ് ബാങ്കിന്റെ സഹകരണത്തോടെ ആലുവ സെന്റ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂൾ എൻ.എസ്.എസ്, സ്കൗട്ട് റെയ്ഞ്ചേഴ്സും സംയുക്തമായി സംഘടിപ്പിച്ച രക്തദാന ക്യാമ്പ് ആലുവ മുനിസിപ്പൽ കൗൺസിലർ കെ. ജയകുമാർ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് രാജീവ് ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ സ്മിത ജോസഫ്, അഞ്ജു വേണുഗോപാൽ, വി.ടി. റോസ് മിനി, നിഷ ജോസഫ്, ഇ.ബി ഫാത്തിമ സുഹാന, രേവതി അജയൻ, ആൻ ബെൽന എന്നിവർ സംസാരിച്ചു.

## അദ്വൈതാശ്രമത്തിൽ ഗുരുദേവ പുന:പ്രതിഷ്ഠാ വാർഷികം



**ആലുവ:** ശ്രീനാരായണ ഗുരുദേവൻ സ്ഥാപിച്ച ആലുവ അദ്വൈതാശ്രമത്തിൽ പത്താമത് ഗുരുദേവ പുന:പ്രതിഷ്ഠാ വാർഷികം ഭക്തിസാന്ദ്രമായി നടന്നു. നൂറുകണക്കിന് ഭക്തർ ചടങ്ങുകളിൽ പങ്കെടുത്തു. ശിവഗിരിമഠം തന്ത്രി സ്വാമി ശിവനാരായണ തീർത്ഥയുടെയും ആശ്രമം മേൽശാന്തി പി.കെ. ജയന്തന്റെയും കാർമ്മികത്വത്തിൽ വിശേഷാൽ പൂജകളും ആശ്രമം സെക്രട്ടറി സ്വാമി ധർമ്മചൈതന്യയുടെ നേതൃത്വത്തിൽ കലശവും നടന്നു. സ്വാമിനി നാരായണചിത് വിലാസിനി, സ്വാമി ഋഷി നാരായണ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. സത്സംഗം, ഗുരുപൂജ എന്നിവയും നടന്നു.

# തായ്‌ലൻഡ് വിഭവങ്ങളുടെ വൈവിധ്യവുമായി ലുലു തായ് ഫിയസ്റ്റ കൊച്ചിയിൽ



**കൊച്ചി:** തായ്‌ലൻഡ് ഉത്പന്നങ്ങളുടെ വ്യത്യസ്ഥമായ പ്രദർശനവും തായ് ഭക്ഷണ വിഭവങ്ങളുടെ രുചികരമായ കലവറയും തുറന്ന് ലുലു തായ് ഫിയസ്റ്റയ്ക്ക് കൊച്ചി ലുലുവില് തുടക്കമായി. വ്യത്യസ്ഥമായ ഭക്ഷണവൈവിധ്യങ്ങൾ പ്രദർശിപ്പിക്കുന്ന ഫെസ്റ്റ് നവീന അനുഭവമാണ് സമ്മാനിക്കുന്നത്. തായ് ഷെഫുകളും, തായ്‌ലൻഡിൽ നിന്നുള്ള പ്രത്യേക പ്രതിനിധികളും അടക്കം ഫിയസ്റ്റിൽ ഭാഗമാകും

സ്പൈസി ഹോട്ട് സൂപ്പ്, മിന്റ് ആൻഡ് ഹോട്ട് സൂപ്പ്, ഷ്രിമ്പ്സ്, തായ് സലാഡ്സ്, സ്റ്റീംഡ് ജാസ്മിൻ റൈസ് മുതൽ തായ് ഡെസേർട്ടുകൾ അടക്കം വ്യത്യസ്ഥമായ തായ്‌ലൻഡ് രുചിവൈവിധ്യമാണ് തയാറാക്കിയിരിക്കുന്നത്. തായ് ട്രേഡ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ആൻഡ് കോൺസൽ സുൻചവി പട്നാചക്, തായ് കോൺസൽ ജനറൽ ചെന്നൈ രാച്ച അരൈബാഗ്, ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് ജോബ് വി ജോബ്, ലുലു ഗ്രൂപ്പ് കമ്പനി സെക്രട്ടറി സുനിൽ അഗർവാൾ, കൊച്ചി ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, കൊച്ചി ലുലു മാൾ ഹെഡ് വിഷ്ണു തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ഉദ്ഘാടനം.

ഇടപ്പള്ളി ലുലുവിലും, മരട് ലുലു ഡെയ്‌ലിയിലുമായി ആഗസ്റ്റ് 31 വരെയാണ് തായ് ഫിയസ്റ്റ.തായ് വിഭവങ്ങളുടെ ലൈവ് ഹോട്ട് ഫുഡ് സെക്ഷനുകളും ഉത്പന്നങ്ങളും ഒരുക്കിയിട്ടുണ്ട്. ഇന്ത്യ തായ് സാംസ്കാരിക കൈമാറ്റത്തിന് കൂടി സാക്ഷ്യം വഹിക്കുന്ന ഫിയസ്റ്റ വ്യത്യസ്ഥമായ അനുഭവമായിരിക്കും ഉപഭോക്താകൾക്ക് സമ്മാനിക്കുക.



സൊസൈറ്റി ടുഡേ
SOCIETY TODAY




ഐ സി എസ് ഐ കൊച്ചി ചാപ്റ്റർ കെട്ടിടം കേന്ദ്രമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യുന്നു. .സി എസ് ആശിഷ് മോഹൻ, ആർ വെങ്കട്ടരുണ, സി ദ്വാരകാനാഥ്, ബി നരസിംഹൻ, നാഗേന്ദ്ര ഡി റാവു, ധനഞ്ജയ് ശുക്ല, എ മോഹൻ കുമാർ, പ്രദീപ് കുൽക്കർണി, നിഖിൽ ജോർജ് പിന്റോ, സ്മിത സുബിൻ എന്നിവർ സമീപം

# നിലനിൽക്കുക പരിസ്ഥിതി സൗഹൃദ വികസനങ്ങൾ മാത്രം : കേന്ദ്രമന്ത്രി സുരേഷ് ഗോപി

**കൊച്ചി:** വളരാൻ വേണ്ടിയാണ് വളർച്ചയുണ്ടാകേണ്ടതെന്നും നശിപ്പിക്കാൻ വേണ്ടിയാകരുതെന്നും കേന്ദ്ര പെട്രോളിയം പ്രകൃതി വാതക ടൂറിസം സഹമന്ത്രി സുരേഷ് ഗോപി. കേന്ദ്ര കോർപ്പറേറ്റ്കാര്യാ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യയുടെ കൊച്ചി ചാപ്റ്റർ കെട്ടിടം കലൂരിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പരിസ്ഥിതി സൗഹൃദ വികസനങ്ങൾ മാത്രമാണ് നിലനിൽക്കുക. വികസനത്തോടൊപ്പം അച്ചടക്കവും പാലിക്കുന്നതിലൂടെ പ്രതീക്ഷിക്കാത്ത മാറ്റങ്ങളായിരിക്കും ലഭിക്കുകെയെന്നും അദ്ദേഹം പറഞ്ഞു.

തന്നെ ഇപ്പോഴും ഭരത് ചന്ദ്രനായി കാണാനാണ് ജനങ്ങൾ ഇഷ്ടപ്പെടുന്നതെന്നും എന്നാൽ തന്റെ എതിരാളികൾ അത് ഭയക്കുകയാണെന്നും തന്റെ പ്രശസ്തമായ സിനിമാ സംഭാഷണം ആവർത്തിച്ച് സുരേഷ് ഗോപി പറഞ്ഞു.

കലൂർ റെന ഇവന്റ് ഹബ്ബിൽ നടന്ന ചടങ്ങിൽ ഐ സി എസ് ഐ പ്രസിഡൻറ് വി.നരസിംഹൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ആശിഷ് മോഹൻ, വൈസ് പ്രസിഡൻറ് ധനഞ്ജയ് ശുക്ള, ദ്വാരകനാഥ്, മധുസൂദനൻ, കൊച്ചി ചാപ്റ്റർ ചെയർമാൻ നിഖിൽ ജോർജ് പിന്റോ, നാഗേന്ദ്ര റാവു, വെങ്കിട്ടരമണ എന്നിവർ പ്രസംഗിച്ചു.

പുതിയ കെട്ടിടം വന്നതോടെ കമ്പനി സെക്രട്ടറിഷിപ്പ് പഠിക്കാൻ ആഗ്രഹിക്കുന്ന ഒട്ടേറെ വിദ്യാർഥികൾക്ക് കുറഞ്ഞ ചെലവിൽ ഈ കോഴ്സിൽ റഗുലർ ക്ലാസ് ലഭ്യമാകും. റഗുലർ ക്ലാസുകൾക്ക് എക്സിക്യൂട്ടീവ് പ്രോഗ്രാമിലേക്ക് നൂറു സീറ്റും കോഴ്സിന്റെ ഫൈനൽ ലെവലിലേക്ക് 20 സീറ്റും ഉണ്ടാകും. ആധുനിക സംവിധാനങ്ങളോടെ ഡിജിറ്റൽ ലൈബ്രറിയും വിദ്യാർഥികൾക്ക് പഠന കാര്യങ്ങൾക്ക് സൗജന്യ വൈഫൈ സൗകര്യവും ലഭ്യമാണ്. 21 മാസം നീളുന്ന നിർബന്ധിത ഇന്റേൺഷിപ്പിനു കൊച്ചി ചാപ്റ്റർ ഓഫീസും തന്നെ പഠിതാക്കളുടെ ആഗ്രഹ പ്രകാരം ഇന്ത്യയിലെ ഏത് സംസ്ഥാനത്തും ട്രെയിനിംഗ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തും. അതിന് ഐ സി എസ് ഐ നിശ്ചയിച്ചിട്ടുള്ള സ്റ്റൈഫന്റും ലഭ്യമാണ്.

വിദ്യാർഥികൾക്കായി ഓൺലൈൻ പഠന സമ്പ്രദായം ഐ സി എസ് ഐ നടപ്പിലാക്കിയിട്ടുണ്ട്. ബിരുദ, ബിരുദാനന്തര വിദ്യാർഥികൾക്ക് ഐസിഎസ്ഐയുടെ എക്സിക്യൂട്ടീവ് പ്രോഗ്രാമിലേക്ക് നേരിട്ട് പ്രവേശനം ലഭിക്കും. പ്ലസ് ടു പാസായവർക്ക് സി എസ് ഇ ഇ ടി എന്ന എൻട്രൻസ് വഴിയും പ്രവേശനം നേടാം. കൊച്ചി ചാപ്റ്ററിൽ 120 സീറ്റുകളാണുള്ളത്.

## സാലി എസ് നായർ തമിഴ്നാട് മെർക്കൻറൈൽ ബാങ്കിൻറെ പുതിയ മാനേജിങ് ഡയറക്ടർ, സിഇഒ



**കൊച്ചി:** തമിഴ്നാട് മെർക്കൻറൈൽ ബാങ്കിൻറെ പുതിയ മാനേജിങ് ഡയറക്ടറും സിഇഒയുമായി സാലി എസ് നായർ നിയമിതനായി. മൂന്നു വർഷത്തേക്കാണ് നിയമനം.

ബാങ്കിങ്, സാമ്പത്തിക സേവന മേഖലകളിൽ 35 വർഷത്തിലേറെ അനുഭവ സമ്പത്തുള്ള അദ്ദേഹം ഈ നിയമനത്തിനു മുൻപായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡെപ്യൂട്ടി മാനേജിങ് ഡയറക്ടറും ചീഫ് ക്രെഡിറ്റ് ഓഫിസറുമായി പ്രവർത്തിച്ചു വരികയായിരുന്നു. 1987ൽ പ്രൊബേഷണറി ഓഫിസറായാണ് അദ്ദേഹം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രവേശിച്ചത്. തമിഴ്നാട് മെർക്കൻറൈൽ ബാങ്കിൽ ഇത്തരമൊരു സുപ്രധാന സമയത്ത് ഈ റോൾ ഏറ്റെടുക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നുവെന്നും മുൻഗാമികൾ സ്ഥാപിച്ച ശക്തമായ അടിത്തറയുമായി ബാങ്കിൻറെ തന്ത്രപരമായ മുൻഗണനകളുമായി മുന്നോട്ടു പോകുമെന്ന് നിയമനത്തെ കുറിച്ചു പ്രതികരിച്ച സാലി എസ് നായർ പറഞ്ഞു.



ഹോസ്റ്റൽ ഓണേഴ്സ് വെൽഫയർ അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്വാതന്ത്ര്യദിന റാലിയും പൊതുസമ്മേളനവും ടൗൺ പോലീസ് സബ് ഇൻസ്പെക്ടർ സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്യുന്നു. പി.പി.ഫൈസൽ ,സൈത് മുഹമ്മത്, ഗിരിജ മനോഹരൻ, ജബ്ബാർ മുഹമ്മദ്, സുലൈമാൻ തൃക്കാക്കര, നസീം ഹംസ തുടങ്ങിയവർ സമീപം.

## ഹോസ്റ്റൽ ഓണേഴ്സ് വെൽഫയർ അസോസിയേഷൻ സ്വാതന്ത്ര്യ ദിനസന്ദേശയാത്ര സംഘടിപ്പിച്ചു

കൊച്ചി:ഹോസ്റ്റൽ ഓണേഴ്സ് വെൽഫയർ അസോസിയേഷൻ സ്വാതന്ത്ര്യ ദിനസന്ദേശയാത്ര സംഘടിപ്പിച്ചു. എറണാകുളം ടൗൺഹാളിൽ നിന്നും ആരംഭിച്ച സന്ദേശയാത്ര അസോസിയേഷൻ പ്രസിഡന്റ് പി.പി.ഫൈസൽ ഉദ്ഘാടനം ചെയ്തു. എറണാകുളം കച്ചേരിപ്പടിയിൽ സംഘടിപ്പിച്ച പൊതുസമ്മേളനം ടൗൺ പോലീസ് സബ് ഇൻസ്പെക്ടർ സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ സെക്രട്ടറി സൈത് മുഹമ്മത്, ട്രഷറർ ഗിരിജ മനോഹരൻ, ജബ്ബാർ മുഹമ്മദ്, സുലൈമാൻ തൃക്കാക്കര, നസീം ഹംസ തുടങ്ങിയവർ പ്രസംഗിച്ചു.




പിഴകൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള സമയ പരിധി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകൾ നൽകിയ പരാതി തീർപ്പാക്കുന്നതിന് എറണാകുളം ടൗൺഹാളിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പാരാതി പരിഹാര അദാലത്തിൽ ഐഎംഎ കൊച്ചിൻ പ്രസിഡന്റ് ഡോ. എം. എം ഹനീഷ്, ഡോ. ജോയി ജോസഫ്, ഡോ. വിനോദ്, ബിജു നമ്പിത്താനം, സെക്രട്ടറി ജോമി പോളി, ഡോ.സ്മിത ജിജോ തുടങ്ങിയവർ മന്ത്രിക്കൊപ്പം.

## മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ: സെപ്റ്റംബർ 30 വരെ പിഴയില്ലാതെ പുതുക്കാം

**കൊച്ചി :** സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രി, ലാബ്, പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കും 2024 മാർച്ച് 31 വരെയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള സമയ പരിധി സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചതായി തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് അറിയിച്ചു. ഇതോടെ സെപ്റ്റംബർ 30 വരെ പിഴ കൂടാതെ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ പുതുക്കാൻ കഴിയും.

എറണാകുളം ടൗൺഹാളിൽ സംഘടിപ്പിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പാരാതി പരിഹാര അദാലത്തിലാണ് വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്ക് പിഴ കൂടാതെ ലൈസൻസ് പുതുക്കുന്നതിന് സെപ്റ്റംബർ 30 വരെ നൽകിയ സാവകാശം സ്വകാര്യ ആശുപത്രികൾ, ലാബുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്കുകൂടി ബാധകമാക്കിയത്. ഐഎംഎ കൊച്ചിൻ പ്രസിഡന്റ് ഡോ. എം. എം ഹനീഷ്, മുൻ പ്രസിഡന്റ് ഡോ. ജോയി ജോസഫ്, ഇൻഡ്യൻ ഡെന്റൽ അസോസിയേഷൻ പ്രസിഡന്റ് ഡോ. വിനോദ്, മെഡിക്കൽ ലാബ് ഓണേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ബിജു നമ്പിത്താനം, സെക്രട്ടറി ജോമി പോളി, പാലാരിവട്ടത്തെ സെന്റ് ആന്റണീസ് ഹോമിയോപ്പതിക് ക്ലിനിക് ഉടമ ഡോ.സ്മിത ജിജോ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## സ്റ്റഡി ഇൻ മലേഷ്യ എഡ്യൂക്കേഷൻ ഫെയർ സംഘടിപ്പിച്ചു

കൊച്ചി: എജ്യുക്കേഷൻ മലേഷ്യ ഗ്ലോബൽ സർവീസസ് വിദേശത്ത് പഠന അവസരങ്ങൾ തേടുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്കായി 'സ്റ്റഡി ഇൻ മലേഷ്യ എഡ്യൂക്കേഷൻ ഫെയർ ഇൻ സൗത്ത് ഇന്ത്യ സീരീസ് സംഘടിപ്പിച്ചു. കൊച്ചിയിലെ വിദ്യാഭ്യാസ മേള ചെന്നൈയിലെ മലേഷ്യ കോൺസൽ ജനറൽ കെ.ശരവണ കുമാർ ഉദ്ഘാടനം ചെയ്തു.

എജ്യുക്കേഷൻ മലേഷ്യ ഗ്ലോബൽ സർവീസസ് മലേഷ്യയിലെ ലോകോത്തര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം ആക്സസ് ചെയ്യാനുള്ള സുവർണ്ണാവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഓൺ ദിസ്പോട്ട് ആപ്ലിക്കേഷൻ സഹായം, സ്കോളർഷിപ്പുകൾ, സാമ്പത്തിക സഹായം എന്നിവയെക്കുറിച്ചുള്ള ഇൻസൈഡർ ടിപ്പുകൾ എന്നിവ വാഗ്ദാനം ചെയ്യുന്നു.

ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസ സമ്പ്രദായം, മൾട്ടി കൾച്ചറൽ അന്തരീക്ഷം, താങ്ങാനാവുന്ന ജീവിതച്ചെലവ് എന്നിവ കാരണം മലേഷ്യ പണ്ടേ അന്തർദ്ദേശീയ വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട സ്ഥലമാണ്. വൈവിധ്യമാർന്ന അക്കാദമിക് താൽപ്പര്യങ്ങളും കരിയർ അഭിലാഷങ്ങളും നിറവേറ്റുന്ന വിവിധ പഠന മേഖലകളിലുടനീളം രാജ്യം വിപുലമായ പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്യുന്നു. കൂടാതെ, മലേഷ്യൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ബിരുദം നേടിയ അന്തർദ്ദേശീയ വിദ്യാർത്ഥികൾക്ക് മലേഷ്യൻ ഗവൺമെന്റ് ഇപ്പോൾ ഒരു ഗ്രാജ്വേറ്റ് പാസ് വാഗ്ദാനം ചെയ്യുന്നു, അതിൽ അവർക്ക് ഒരു വർഷം വരെ മലേഷ്യയിൽ ജോലി ചെയ്യുമ്പോഴും യാത്ര ചെയ്യുമ്പോഴും തുടരാം.

മലേഷ്യയിലെ ഏറ്റവും വലിയ അന്താരാഷ്ട്ര വിദ്യാർത്ഥി സമൂഹത്തിൽ ഇന്ത്യ അഞ്ചാം സ്ഥാനത്താണ്. ഇന്നുവരെ, മലേഷ്യയിൽ 4000ത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നു. കൂടാതെ, എജ്യുക്കേഷൻ മലേഷ്യ ഗ്ലോബൽ സർവീസിൽ നിന്നുള്ള ഡാറ്റയെ അടിസ്ഥാനമാക്കി, ഇന്ത്യയിൽ നിന്നുള്ള അന്തർദ്ദേശീയ വിദ്യാർത്ഥികൾക്ക് മലേഷ്യയിൽ വിദേശത്ത് പഠിക്കാനുള്ള താൽപ്പര്യം വർദ്ധിക്കുന്നു, 2023 ലെ ഡാറ്റയുമായി താരതമ്യപ്പെടുത്തുമ്പോൾ 49% വർദ്ധനവ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



പാവക്കുളം മഹാദേവക്ഷേത്രത്തിൽ ചിങ്ങം ഒന്നിന് ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെ മുഖ്യകാർമികത്വത്തിൽ നടന്ന നിറപുത്തരി.

# പാവക്കുളം മഹാദേവക്ഷേത്രത്തിൽ നിറപുത്തരി ആഘോഷിച്ചു

**കൊച്ചി:** കാർഷിക സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും പ്രതീകമായ നെൽക്കതിർ കറ്റകൾ പൂജിച്ച് ഭക്തർക്ക് വിതരണം ചെയ്ത് കലൂർ പാവക്കുളം മഹാദേവക്ഷേത്രത്തിൽ ചിങ്ങം ഒന്നിന് നിറപുത്തരി ആഘോഷിച്ചു. നിറപുത്തരിക്കുശേഷം ഗജപൂജയും ആനയൂട്ടും നടന്നു. ആനയൂട്ടിന് അനേകം ഭക്തർ പങ്കെടുത്തു.

മുൻ ഗുരുവായൂർ, ശബരിമല മേൽശാന്തി ആയിരുന്ന ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെ കാർമികത്വത്തിൽ നെൽക്കതിരുകളുമായി പ്രദക്ഷിണത്തിനു ശേഷം ക്ഷേത്രമണ്ഡപത്തിൽ വച്ച് പൂജിച്ചശേഷം ഭക്തർക്ക് വിതരണം ചെയ്തു.

ക്ഷേത്ര ക്ഷേമ സമിതി സെക്രട്ടറി വിനോദ് കാരോള്ളിൽ, പ്രസിഡന്റ് പങ്കജാക്ഷൻ .ടി തുടങ്ങി മറ്റു ഭാരവാഹികൾ തുടങ്ങി കമ്മറ്റി അംഗങ്ങളും ചടങ്ങുകൾക്ക് നേതൃത്വം നൽകി.

# ജെനറേഷൻ സെഡ് വിഭാഗം: 94 ശതമാനം കുട്ടികൾക്കും മാതാപിതാക്കളുടെ പിന്തുണയെന്ന് ഐക്യു സർവേ

**കൊച്ചി:** ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലും തൊണ്ണൂറുകളുടെ അവസാന ഘട്ടത്തിലും ജനിച്ച ജെനറേഷൻ സെഡ് വിഭാഗത്തിൽ പെട്ട കുട്ടികളിൽ ഭാവിയെ കുറിച്ചുള്ള ആശങ്ക ഒട്ടും തന്നെയില്ലെന്ന് ഇവരുടെ സ്വപ്നങ്ങളേയും കരിയർ പ്രതീക്ഷകളേയും കുറിച്ച് സൈബർ മീഡിയ റിസർച്ചുമായി ചേർന്ന് പ്രീമിയം സ്മാർട്ട് ഫോൺ ബ്രാൻഡ് ആയ ഐക്യു സംഘടിപ്പിച്ച സർവേ ചൂണ്ടിക്കാട്ടുന്നു. ഈ വിഭാഗത്തിൽ പെട്ട കേരളത്തിൽ നിന്നുള്ള കുട്ടികൾക്ക് മാതാപിതാക്കളുടെ ശക്തമായ പിന്തുണ ലഭിക്കുന്നതായും സർവേ വെളിപ്പെടുത്തുന്നു. ഇന്ത്യ, അമേരിക്ക, യുകെ, ബ്രസീൽ, മലേഷ്യ, തായ്‌ലാന്റ്, ഇന്തോനേഷ്യ എന്നീ ഏഴു രാജ്യങ്ങളിലെ 2024 വയസുകാർക്കിടയിലാണ് സർവേ നടത്തിയത്.

ഒരു വർഷം മാറി നിൽക്കുന്നത് തങ്ങളുടെ കഴിവുകൾ മെച്ചപ്പെടുത്താൻ സഹായകമാകുമെന്ന് ക്വസ്റ്റ് ഇൻഡെക്സ് എന്ന പേരിലെ ഈ സർവേയിൽ പങ്കെടുത്ത 84 ശതമാനം പേർ അഭിപ്രായപ്പെട്ടു. തങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്ന കാര്യത്തിൽ അനിശ്ചിതത്വമൊന്നുമില്ലെന്നാണ് സർവേയിൽ പങ്കെടുത്ത 100 ശതമാനം പേരും പ്രതികരിച്ചത്. കേരളത്തിൽ നിന്നു സർവേയിൽ പങ്കെടുത്ത 92 ശതമാനം പേരും തങ്ങളുടെ ഭാവിയെ കുറിച്ചു ശുഭപ്രതീക്ഷയുള്ളവരാണ്. വിദ്യാഭ്യാസം, പരിശീലനം എന്നിവ ലഭിക്കാനുള്ള പരിമിതമായ സൗകര്യങ്ങൾ പ്രശ്നമാണെന്ന് കേരളത്തിലെ 60 ശതമാനം പേർ പറയുന്നു. ഏറ്റവും പുതിയ പ്രവണതകളും മുന്നേറ്റങ്ങളും മനസിലാക്കാൻ സാങ്കേതിക വിദ്യ തങ്ങളെ സഹായിച്ചതായി കേരളത്തിൽ നിന്നു സർവേയിൽ പങ്കെടുത്ത 77 ശതമാനം പേരും ചൂണ്ടിക്കാട്ടുന്നു. സന്തോഷവും മൊത്തത്തിലുള്ള ക്ഷേമവുമാണ് പ്രധാനപ്പെട്ടതെന്നാണ് 98 ശതമാനം പേരും അഭിപ്രായപ്പെട്ടത്. തങ്ങളുടെ കരിയറിൽ വിജയിക്കാനായി ജോലിയും ജീവിതവും തമ്മിലുള്ള സന്തുലനത്തിൽ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറാണെന്ന് ആഗോള തലത്തിൽ 46 ശതമാനം പേരുംഅഖിലേന്ത്യാ തലത്തിൽ 43 ശതമാനം പേരും വെളിപ്പെടുത്തി. തങ്ങളുടെ എല്ലാ ആശയവിനിമയങ്ങളിലും ജെനറേഷൻ സെഡിനെ പ്രതിധ്വനിപ്പിക്കുന്നതാണ് ഐക്യുവിന്റെ രീതിയെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ഐക്യു ഇന്ത്യ സിഇഒ നിപുൺ മാര്യ പറഞ്ഞു. ഇന്ത്യയിലെ ആദ്യത്തെ 23 വയസുകാരനായ ചീഫ് ഗെയിമിങ് ഓഫിസറെ കഴിഞ്ഞ വർഷം ഐക്യു നിയമിച്ചതും അദ്ദേഹം ഓർമിപ്പിച്ചു. ജെനറേഷൻ സെഡിനെ കുറിച്ച് ആഴത്തിലുള്ള അറിവുകൾ നൽകുന്നതാണ് ഈ റിപോർട്ടന്നും അവർക്ക് കൂടുതൽ ഫലപ്രദമായ സേവനങ്ങൾ നൽകാൻ അതു സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൂടുതൽ സങ്കീർണമായതും ഡിജിറ്റലായി മുന്നോട്ടു പോകുന്നതുമായ ഇന്നത്തെ കാലത്ത് യുവാക്കൾ മുൻപില്ലാത്ത വെല്ലുവിളികളാണു നേരിടുന്നതെന്ന് സൈബർമീഡിയ റിസർച്ച് വൈസ് പ്രസിഡന്റ് പ്രഭുറാം പറഞ്ഞു.



# പുതിയ ക്രിമിനൽ നിയമങ്ങൾ എല്ലാവർക്കും നീതി ഉറപ്പാക്കും: കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്‌വാൾ

**കൊച്ചി :** ബ്രിട്ടീഷുകാരുടെ കാലത്തുള്ള ക്രിമിനൽ നിയമങ്ങൾ ശിക്ഷ നൽകാൻ മാത്രം ഉദ്ദേശിച്ചുള്ളതാണെന്നും സമയബന്ധിതമായ നീതി നിർവഹണം ലക്ഷ്യമാക്കിയാണ് പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കുന്നതെന്നും കേന്ദ്ര നിയമ നീതി, പാർലമെന്ററി കാര്യ സഹമന്ത്രി അർജ്ജുൻ റാം മേഘ്‌വാൾ പറഞ്ഞു. കേരള ഹൈക്കോടതിയിൽ നടന്ന കേന്ദ്രസർക്കാർ അഭിഭാഷകരുടെ യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കവേ, സാമൂഹിക സേവനം പോലെയുള്ള ശിക്ഷാരീതികൾ അത്തരം ലക്ഷ്യം വെച്ചിട്ടുള്ളതാണ് എന്നും അദ്ദേഹം പറഞ്ഞു .വേഗമേറിയതും ഫലപ്രദവുമായ നീതിന്യായ വ്യവസ്ഥ നല്ല ഭരണത്തിന്റെ അനിവാര്യ ഘടകമാണെന്നും പുതിയ ക്രിമിനൽ നിയമങ്ങൾ അത് ഉറപ്പാക്കുമെന്നും അർജ്ജുൻ റാം മേഘ്‌വാൾ പറഞ്ഞു,

കൂടിയാലോചനകൾ ഇല്ലാതെയാണ് പുതിയ നിയമനിർമ്മാണം നടത്തിയത് എന്ന വാദം തെറ്റാണെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം പുതിയ നിയമങ്ങളെ കുറിച്ചുള്ള അഭിപ്രായങ്ങൾ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള എംപിമാർ, എംഎൽഎമാർ, സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, വിവിധ ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസുമാർ, നിയമസർവകലാശാലകൾ, നിയമ വിദഗ്ധർ എന്നിവരോട് ആരാഞ്ഞിരുന്നു എന്നും അറിയിച്ചു . ഈ പ്രക്രിയകൾ 2019 മുതൽ നടന്നു എന്ന് അറിയിച്ച കേന്ദ്ര മന്ത്രി 18 സംസ്ഥാനങ്ങൾ 6 കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുൾപ്പെടെ ഉള്ളവരുടെ അഭിപ്രയങ്ങൾ രേഖമൂലം ലഭിച്ചതായും പറഞ്ഞു, അവയെല്ലാം പരിശോധിച്ചാണ് പുതിയ നിയമനിർമ്മാണം നടത്തിയത്. നിരവധി നിയമ കമ്മീഷനുകൾ നേരത്തെ തന്നെ ബ്രിട്ടീഷ് നിർമ്മിതമായ ക്രിമിനൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു എന്നും അദ്ദേഹം എടുത്തു പറഞ്ഞു.

ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന്റെ ഓർമ്മപ്പെടുത്തൽ ആയിരുന്ന പഴയ നിയമങ്ങൾ പൊളിച്ചെഴുതുന്നതിന് പണ്ട് താൽപര്യം എടുത്തിരുന്നില്ല എന്നും പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിലുള്ള ഭരണപരിഷ്കരണങ്ങളാണ് ഇപ്പോൾ ഈ നിയമമാറ്റത്തിനുള്ള ആധാരം എന്നും അദ്ദേഹം സൂചിപ്പിച്ചു.

ചടങ്ങിൽ അഡീ. സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ അഡ്വ. എആർ.എൽ. സുന്ദരേശൻ അധ്യക്ഷ പ്രഭാഷണം നടത്തി. ജസ്റ്റിസുമാരായ എൻ. നഗരേഷ്, എസ്.മനു , ഹൈക്കോടതി അഭിഭാഷക അസോസിയേഷൻ അധ്യക്ഷൻ യശ്വന്ത് ഷേണായി, ബാർ കൗൺസിൽ സെക്രട്ടറി അഡ്വ. കെ.ആർ.രാജ്കുമാർ ,സീനിയർ സെൻട്രൽ ഗവൺമെൻറ് അഭിഭാഷകൻ ടി. സി. കൃഷ്ണ ,കേന്ദ്രസർക്കാർ സീനിയർ അഭിഭാഷകനായ അഡ്വ. കൃഷ്ണദാസ് പി. നായർ എന്നിവരും സംസാരിച്ചു

പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ച് ഹൈക്കോടതി ജഡ്ജി ഡോ. കൗസർ ഇടപ്പകത്ത് പ്രബന്ധം അവതരിപ്പിച്ചു. പഴയ ക്രിമിനൽ നിയമവും ചട്ടവും പുതിയ നിയമവും തമ്മിലുള്ള വ്യത്യാസങ്ങളെ എടുത്തു കാണിച്ചായിരുന്നു പ്രബന്ധം.

കേന്ദ്ര സർക്കാർ സീനിയർ അഭിഭാഷകരായ അഡ്വ. ബിജു, അഡ്വ. സി.ദിനേശ് എന്നിവരും സെഷനിൽ പങ്കെടുത്ത് സംസാരിച്ചു.

ഇന്നലെ കേരള ഹൈകോടതിയിൽ നടന്ന മറ്റൊരു ചടങ്ങിൽ അർജുൻ റാം മേഘവാൾ ഹൈക്കോടതിയിലെ ആർബിട്രേഷൻ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

# ഡോ. എം.എസ്. വലിയത്താൻ അർഹിച്ച ആദരം കേരള സമൂഹം നല്കിയില്ല: ജസ്റ്റീസ് കെ. സുകുമാരൻ

**കൊച്ചി:** ഇന്ത്യയിലെ ആരോഗ്യ സാങ്കേതിക വിദ്യയ്ക്ക് മഹത്തായ സംഭാവനകൾ നൽകിയും തിരുവനന്തപുരത്തെ ശ്രീ ചിത്തിര മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയെ ഇന്നു കാണുന്ന വിധത്തിൽ രാജ്യത്തിന്റെ അഭിമാനമായി ഉയർത്തുന്നതിൽ നിർണായക പങ്കുവഹിക്കുകയും ചെയ്ത ഡോ. എം. എസ്. വലിയത്താന് അർഹതപ്പെട്ട ആദരം നല്കുന്നതിൽ കേരളം പരാജയപ്പെട്ടുവെന്ന് ജസ്റ്റീസ് കെ. സുകുമാരൻ പറഞ്ഞു. പാലാരിവട്ടം പിഒസിയിൽ, പിഒസിയും കാന്തല്ലൂർ കൃഷി നാട്ടറിവ് പഠനകേന്ദ്രവും സംയുക്തമായി നടത്തിയ എം.എസ്. വലിയത്താൻ അനുസ്മരണയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അലോപ്പതിയും ആയുർവേദവും ആരോഗ്യ ശാസ്ത്രരംഗത്ത് മികവുറ്റ ചികിത്സാരീതികളാണെന്ന് ലോകത്തിനു ബോധ്യപ്പെടുത്തി കൊടുക്കാൻ അക്ഷീണം യത്നിച്ച വ്യക്തിയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രിയായിരുന്ന



സി. അച്ചുതമേനോൻ അദ്ദേഹത്തിലർപ്പിച്ച വിശ്വാസവും നല്കിയ സ്വാതന്ത്ര്യവും കേരളത്തിന്റെ ആരോഗ്യ മേഖലയ്ക്ക് വലിയ മുതൽ കൂട്ടായി ശ്രീ ചിത്തിരയെ മാറ്റുവാൻ അദ്ദേഹം പ്രയോജനപ്പെടുത്തി. ആയുർവേദത്തിന്റെ അനന്ത സാധ്യതകളെ ആരോഗ്യപരിപാലനത്തിന് ഉപയുക്തമാക്കാൻ ആധുനിക സമൂഹത്തെ വലിയതോതിലാണ് അദ്ദേഹം പ്രചോദിപ്പിച്ചിട്ടുള്ളത്. ചെറുതെങ്കിലും അർഥവത്തായ ഈ യോഗം അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കുന്നുവെന്നത് അഭിമാനം നല്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

എറണാകുളം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റേയും കാന്തല്ലൂർ കൃഷി നാട്ടറിവ് പഠനകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അനുസ്മരണായോഗത്തിൽ പിഒസി ഡയറക്ടർ ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി അദ്ധ്യക്ഷനായിരുന്നു. ഡോ. കെ. മുരളി, ഡോ. അഭിലാഷ് വി.ആർ നാഥ്, ജിയോ ജോസ്, ഫാ. പ്രൊഫ. ഡോ. എം.കെ. ജോസ്, എം.എം. അബ്ബാസ് തുടങ്ങിയവർ പ്രസംഗിച്ചു.

ഫാ. പ്രൊഫ. ഡോ. എം.കെ. ജോസ് എന്നിവർ എഡിറ്റ് ചെയ്ത "കുടുംബകൃഷി ആരോഗ്യ സുരക്ഷാ കൃഷിമാർഗം" എന്ന പുസ്തകം കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ പ്രകാശനം ചെയ്തു. ജൈവകൃഷിയിൽ സംസ്ഥാന പുരസ്കാരം നേടിയ പ്രകാശ് മായ്ത്തറ പുസ്തകം ഏറ്റുവാങ്ങി.

# കർഷകരുടെ വരുമാനം വർധിപ്പിക്കലാണ് ലക്ഷ്യം: മന്ത്രി പി. പ്രസാദ്



**തിരുവനന്തപുരം:** സംസ്ഥാനത്തെ കർഷകരുടെ വരുമാനം വർധിപ്പിക്കലാണ് സർക്കാർ ലക്ഷ്യമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ്. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) യുടെ നേതൃത്വത്തിൽ നിർമിക്കുന്ന കാബ്കോ എക്സ്പോ സെന്ററിന്റെയും അഗ്രിപാർക്കിന്റെയും ശിലാസ്ഥാപനവും നിർമാണോദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ചിങ്ങം ഒന്നിന് ഒരു പുതിയ നൂറ്റാണ്ടും പുതിയ വർഷവും തുടങ്ങുകയാണ്. കേരളത്തിന്റെ കാർഷിക രംഗത്തും ഒരു പുതിയ വിപ്ലവവും ആരംഭിക്കുകയാണ്. കാർഷികരംഗത്തെ ദ്വിതീയ മേഖലയിൽ ശ്രദ്ധയൂന്നി സംസ്ഥാനത്തെ കർഷകരുടെ വരുമാനം വർധിപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് കാബ്കോ എക്സ്പോ സെന്റർ സജ്ജമാക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

നമ്മുടെ കർഷകരുടെ ഉത്പന്നങ്ങൾ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് കാബ്കോ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നത്. കേരളത്തിലെ കാർഷികമേഖല ഇന്ന് അതിജീവനപാതയിലാണ്. കാർഷിക രംഗത്തെ ദ്വിതീയമേഖലയിലെ മൂല്യവർധിത ഉത്പന്ന വിപണന രംഗത്തേക്ക് കടന്നാലേ കർഷകരുടെ അവസ്ഥ മെച്ചപ്പെടൂ. കർഷകരുടെ ഉത്പന്നങ്ങൾക്ക് കൃത്യമായ വിപണി ഉണ്ടാക്കാൻ കഴിഞ്ഞാലേ ഇനി മുന്നോട്ടുപോകാനാവൂ. കർഷകന് തന്റെ ഉത്പന്നങ്ങൾക്ക് വിലനിശ്ചയിക്കാനാവണം. നിലവിൽ മറ്റുപലരുമാണ് വിലനിശ്ചയിക്കുന്നത്. കർഷകൻ വെറും കാഴ്ചക്കാരനാണ്. ഇത് മറികടക്കാൻ മൂല്യവർധിത ഉത്പന്നമേഖലയിലേക്ക് കടക്കണം. അതിനാണ് കേരളഗ്രോ അടക്കമുള്ള ബ്രാൻഡുകൾ നാം ഉണ്ടാക്കിയത്. 800 ലധികം കർഷകർക്ക് പരിശീലനം നൽകി. നൂറുകണക്കിന് ഉത്പന്നങ്ങൾ ഇന്ന് കേരളഗ്രോ ബ്രാൻഡിൽ ലഭ്യമാണ്.

കേരളത്തിലെ കർഷകരുടെ ഉത്പന്നങ്ങൾ പുറത്തേക്ക് എത്തിക്കാനാണ് കാബ്കോ ആരംഭിച്ചതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. കാർഷിക മൂല്യ വർദ്ധനവും വിപണനവും ശക്തിപ്പെടുത്തുന്നതിന് രൂപീകൃതമായ പൊതുസ്വകാര്യ സംയുക്ത സംരംഭമാണിത്. പൂർണമായും പ്രൊഫഷണലായി വിഭാവനം ചെയ്തിട്ടുള്ള കമ്പനി സിയാൽ മാതൃകയിലാണ് പ്രവർത്തിക്കുക. കാബ്കോയുടെ പ്രവർത്തനത്തിനുള്ള ആസ്ഥാനകേന്ദ്രത്തിന്റെ നിർമാണമാണ് ഇന്ന് തറക്കല്ലിട്ട് ആരംഭിക്കുന്നത്. 365 ദിവസവും കർഷകരുടെ ഉത്പന്നങ്ങൾ ഇവിടെ പ്രദർശിപ്പിക്കാനും വിൽപന നടത്താനും കഴിയും. കർഷകർക്ക് ഏറ്റവും അധികം പ്രയോജനം ലഭിക്കുന്ന ഈ എക്സിബിഷൻ സെന്ററിന്റെ നിർമാണം ഒരു വർഷത്തിനകം പൂർത്തിയാക്കുമെന്നും ഊരാളുങ്കൽ സൊസൈറ്റിക്കാണ് നിർമാണ ചുമതലയെന്നും മന്ത്രി പറഞ്ഞു. കേരളത്തിലെ പശ്ചിമഘട്ടമേഖലയിൽ വിളയുന്നത് മികച്ച ഗുണമേന്മയുള്ള വിളകളാണെന്നും കാലാവസ്ഥവ്യതിയാനം അടക്കമുള്ള പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ വിദഗ്ധ അഭിപ്രായങ്ങൾ ശേഖരിച്ച് മേഖലക്കായി സമഗ്രകാർഷിക നയം രൂപവത്കരിക്കുമെന്നും മന്ത്രി പറഞ്ഞു.

കാർഷിക കേരളം കൈപ്പുസ്തകം കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ പ്രശാന്തിന് നൽകി മന്ത്രി പി പ്രസാദ് പ്രകാശനം ചെയ്തു. പ്രോജക്ട് ഡിസൈനർ ആർകിടെക്ട് സുജിത് കുമാറിനെയും യുഎൽസിസി പ്രൊജക്ട് എൻജിനീയറായ ഗോപകുമാറിനെയും ചടങ്ങിൽ ആദരിച്ചു. കാബ്കോ മാനേജിംഗ് ഡയറക്ടർ സാജു കെ. സുരേന്ദ്രൻ സ്വാഗതവും കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത്. എൻ നന്ദിയും പറഞ്ഞു.

# കെ എം എ ലീഡർ ഇൻസൈറ്റ് പ്രഭാഷണം

**കൊച്ചി:** കേരള മാനേജ്മെൻറ് അസോസിയേഷൻ (കെ എം എ) ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി നടന്ന പ്രഭാഷണത്തിൽ റെയിൽടെൽ കോർപറേഷൻ ഓഫ് ഇന്ത്യ ഉപദേശകനും ഇന്ത്യൻ റയിൽവേസ് മുൻ ജനറൽ മാനേജരുമായ അൻഷുൽ ഗുപ്ത മുഖ്യ പ്രഭാഷണം നടത്തി. രാജ്യത്തെ ചരക്കുനീക്ക ചെലവ് ലോകത്തെ ഏറ്റവും ഉയർന്നതാണെന്നും ഇത് കുറയ്ക്കാൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു. കണ്ടെയ്നർ നീക്കം സുഗമമാക്കുകയും ചെലവ് കുറയ്ക്കാൻ കഴിയുകയും വേണം. 2030 യോടെ ലോജിസ്റ്റിക്സ് ചെലവ് നാൽപ്പത് ശതമാനമാണെങ്കിലും കുറയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

സുരക്ഷയ്ക്ക് പ്രാധാന്യം നൽകി സാങ്കേതികവിദ്യകൾ വികസിപ്പിക്കേണ്ടതുണ്ട്. യാത്രാദൈർഘ്യവും കുറയ്ക്കേണ്ടതുണ്ട്. റെയിൽവെ കൂടുതൽ സാങ്കേതിക സംവിധാനങ്ങളോടെ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്.

ഉപയോക്തൃ സൗഹൃദ അടിസ്ഥാനസൗകര്യ വികസനത്തിനാണ് റെയിൽവേ മുൻഗണന നൽകുന്നത്. എല്ലാ ഗതാഗത സംവിധാനങ്ങളും ഏകോപിപ്പിച്ചുള്ള മൊബിലിറ്റി ഹബുകളാണ് രാജ്യത്തിനു ആവശ്യമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനായി കേന്ദ്ര സർക്കാർ വലിയ മുതല്മുടക്കാന് നടത്തുന്നത്. വിമാനത്താവളങ്ങളുടെ സൗകര്യമാണ് പ്രധാന സ്റ്റേഷനുകളിൽ ഒരുക്കുന്നത്.

നിർമിതബുദ്ധിയുടെ സാധ്യത പ്രയോജനപ്പെടുത്തി തദ്ദേശീയമായി നിർമാണം ഊര്ജിതപ്പെടുത്താൻ കഴിയണം. വന്ദേ ഭാരത് ട്രെയിനുകളുടെ വരവ് വലിയ മാറ്റങ്ങൾക്ക് തുടക്കമായി.റയിൽവേ പാതകളുടെ നവീകരണവും സിഗ്നൽ സംവിധാനം മെച്ചപ്പെടുത്താലും സബർബൻ ട്രെയിനുകളുമെല്ലാം കാലഘട്ടത്തിന്റെ ആവശ്യങ്ങളാണെന്നും അൻഷുൽ ഗുപ്ത പറഞ്ഞു. കെ എം എ വൈസ് പ്രസിഡൻറ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. ഓണററി ട്രഷറർ ദിലീപ് നാരായണൻ സ്വാഗതവും സെക്രട്ടറി ഡോ.അനിൽ ജോസഫ് നന്ദിയും പറഞ്ഞു.

# ദി ഗ്രേറ്റ് ഇന്ത്യൻ സ്പെക്റ്റക്കിൾ മേളയുമായി ടൈറ്റൻ ഐ+

**കൊച്ചി:** കണ്ണടകളിലെ ഏറ്റവും പുതിയ ട്രെൻഡുകൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനായി  ടൈറ്റൻ ഐ+ ദി ഗ്രേറ്റ് ഇന്ത്യൻ സ്പെക്റ്റക്കിൾ മേള അവതരിപ്പിക്കുന്നു, ഓഗസ്റ്റ് 19 വരെയുള്ള ദി ഗ്രേറ്റ് ഇന്ത്യൻ സ്പെക്റ്റക്കിൾ മേളയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഫ്രെയിമുകൾക്കും കണ്ണടകൾക്കും 25 ശതമാനം വരെ കിഴിവ് ലഭിക്കും.ദി ഗ്രേറ്റ് ഇന്ത്യൻ സ്പെക്റ്റക്കിൾ ആകർഷകമായ മറ്റ് ഓഫറുകളും വാഗ്ദാനം ചെയ്യുന്നു. ബജറ്റ് സൗഹൃദ കുട്ടികളുടെ കണ്ണടകൾ മുതൽ ആർക്കും അനുയോജ്യമായ അത്യാധുനിക പ്രോഗ്രസീവ് ലെൻസുകൾ വരെ മേളയുടെ ഭാഗമായി ലഭിക്കും. കുട്ടികൾക്കായുള്ള കണ്ണടകൾ 1000 രൂപയ്ക്കു വരെ തെരഞ്ഞെടുക്കാനാകും.ഫാഷൻ പ്രേമികൾക്ക് അന്താരാഷ്ട്ര ലക്ഷ്വറി ബ്രാൻഡുകൾ 20 ശതമാനം കിഴിവിലാണ് ലഭ്യമാക്കുന്നത്. രണ്ടു കണ്ണടകൾക്ക് 25 ശതമാനം കിഴിവു ലഭിക്കും. 2000 രൂപയ്ക്ക് രണ്ടു ഫ്രെയിമുകൾ ലഭിക്കുന്ന ഓഫറുമുണ്ട്. 2000 രൂപ മുതൽ പ്രോഗ്രസീവ് കണ്ണടകൾ സ്വന്തമാക്കാനും അവസരമുണ്ട്.




# മീഡിയ അക്കാദമി ഫോട്ടോജേണലിസം

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമി  തിരുവനന്തപുരം സെന്ററിൽ നടത്തുന്ന ഫോട്ടോജേണലിസം കോഴ്സിന് 23 വരെ അപേക്ഷിക്കാം. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ മൂന്നു മാസമാണ് കോഴ്സിന്റെ കാലാവധി. ശനി, ഞായർ ദിവസങ്ങളിലാണ് ക്ലാസുകൾ. 25 സീറ്റുകൾ ഉണ്ട്. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 25,000 രൂപയാണ് ഫീസ്. പ്ലസ്ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. www.keralamediaacademy.org h-gn അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447225524, 04712726275.

